# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 750

15.07.2014 - ൽ
മറുപടിയ്ക്ക്

## വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് കൂടുതൽ അധികാരം നൽകുന്നതിനുള്ള വിവിധ പദ്ധതികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 120 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള 4 വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ എസ്.ഐ-മാർക്കാണ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും, അന്വേഷണം നടത്തുന്നതിനുമുള്ള അധികാരം വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കുണ്ട്. കൂടാതെ, നിശ്ചിത യോഗ്യതകളും, ഡ്രൈവിംഗ് ലൈസൻസുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് വകുപ്പിലെ വാഹനം ഓടിക്കുന്നതിനായി നിയോഗിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, വനിതാ ഹെൽപ്പ് ഡെസ്ക്കുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും അവ രേഖപ്പെടുത്തുന്നതിനും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം വനിതാ പോലീസിനുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി വനിതാ ഓഫീസർമാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) എന്തെല്ലാം ചുമതലകളും അധികാരങ്ങളുമാണ് ഇതു വഴി വനിതാ ഓഫീസർമാർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സ്ത്രീകൾ വാദികളും പ്രതികളുമായി വരുന്ന കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിനുള്ള അധികാരം വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി അത് ഉൾപ്പെടുന്ന ജില്ല മുഴുവൻ ആയിരിക്കും. |
| (ഡി) എന്ന് മുതലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | നിലവിൽ 4 വനിതാ പോലീസ് സ്റ്റേഷനുകളിൽ (തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ